F.Y.
March 2016

**302**

# മലയാളം (Malayalam)

Maximum : 80 Scores

Time : 2½ Hours
Cool off time : 15 Minutes

**നിർദ്ദേശങ്ങൾ:**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന്തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**1.** ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.

1. മേഘം, നൂൽക്കാനുള്ള പരുത്തിയായി തോന്നിയതാർക്ക്?
   (കാളിദാസന്, കുഞ്ചൻനമ്പ്യാർക്ക്, വള്ളത്തോളിന്, ചങ്ങമ്പുഴയ്ക്ക്)
2. ജീവിതം പോലെ പൊലിഞ്ഞു പോകുന്നത്?
   (കിളികൾ, സംഗീതമുള്ള നിശ്വാസം, നെഞ്ചിടിപ്പിന്റെ താളം, പകൽവെളിച്ചം)
3. താഴെപ്പറയുന്നവരിൽ വള്ളത്തോൾ പുരസ്കാരം ലഭിച്ചിട്ടുള്ളതാർക്ക്?
   (പി. ഭാസ്കരൻ, കെ.പി. രാമനുണ്ണി, കെ. രാഘവൻ, എം.എൻ. വിജയൻ)
4. "ആകാശത്തിന്റെ മടിയിൽനിന്ന് ഞെട്ടകു താഴെവീണ
   സൂര്യന്റെ ഒരു കുട്ടിയെപ്പോലെ തോന്നിച്ചു."
   –ആരെക്കുറിച്ചാണീ പരാമർശം?
   (ദേവീ ബഹൻ, അഭിമന്യു, തങ്കം നായർ, ക്ലോക്ക് ടവറിൽ കയറിയ ബാലൻ)

**(4 × 1 = 4)**

1. അന്റോണിയോ റിച്ചി, മരിയ, റോസ് സ്കാർലറ്റ്, ബ്രൂണോ.

2. രാഷ്ട്രതന്ത്രം, ശ്രീരേഖ, ദൈവദശകം, ആരാച്ചാർ.

3. മലയാളത്തിലെ ആദ്യത്തെ ചെറുകഥ, മോഷണം, മാതൃസ്നേഹം, ഇക്കണ്ടക്കുറുപ്പ്.

4. മരണവേഗം, കനക മൈലാഞ്ചിനീരിൽ തുടുത്ത വിരൽ, നരകരാത്രികൾ, സത്രച്ചുമരുകൾ. **(4 × 1 = 4)**

**3.** ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| 1. | ചിറ്റാട | - | സന്തോഷം |
| 2. | ഇമ്പം | - | കാവ്യം |
| 3. | കോർവ | - | ചെറിയവസ്ത്രം |
| 4. | ബൈത്ത് | - | രചന |

**(4 × 1 = 4)**

**4.** ശരിയോ തെറ്റോ എന്നെഴുതുക.

1. കൈപ്പാട് എന്ന ഡോക്യുമെന്ററിയുടെ തിരക്കഥ രചിച്ചതും സംവിധാനം ചെയ്തതും ബാബു കാമ്പ്രത്ത് ആണ്.

2. 'ഊഞ്ഞാലിൽ' എന്ന കവിതയിൽ 'കണ്വമാമുനിയുടെ കന്യ'യാമാരോമലാൾ എന്ന് വൈലോപ്പിള്ളി വിശേഷിപ്പിക്കുന്ന പുരാണ കഥാപാത്രം ദമയന്തിയാണ്. **(2 × 1 = 2)**

**5.** രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക:

ജലാശയങ്ങളും വേരുകളും തമ്മിൽ കൈമാറുന്ന സന്ദേശങ്ങളെക്കുറിച്ചുള്ള ലേഖകന്റെ നിരീക്ഷണം 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന പാഠഭാഗത്ത് ആവിഷ്ക്കരിച്ചിരിക്കുന്നത് എങ്ങനെ? **(1 × 2 = 2)**

**6.** മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.

1. ബഷീറിന്റെ 'അനർഘനിമിഷ'ത്തിലെ ഗദ്യഭാഷയുടെ ഏതെങ്കിലും മൂന്ന് സവിശേഷതകൾ എഴുതുക.

   ഉദാ:- * ധ്വനിസാന്ദ്രമായ പദങ്ങൾ

   *

   *

   *

2. ''ഇങ്ങനെ ചൊന്നു തൻ ചങ്ങാതിമാരുള്ളിൽ
പൊങ്ങിന വേദന പോക്കിപ്പിന്നെ''.
–ചങ്ങാതിമാരുടെ വേദന ഇല്ലാതാക്കുവാൻ കൃഷ്ണൻ എന്തെല്ലാമാണ് പറഞ്ഞത്?

3. ശസ്ത്രക്രിയ എന്ന കഥയിൽ മകന് അമ്മയോടുള്ള സ്നേഹം സൂചിപ്പിക്കുന്ന ഏതെങ്കിലും രണ്ട് സന്ദർഭങ്ങൾ എഴുതുക.

4. സ്കൂൾ ഫിലിംക്ലബ്ബിന്റെ നേതൃത്വത്തിൽ പ്രദർശിപ്പിക്കുന്ന ''കേൾക്കുന്നുണ്ടോ'' എന്ന ഹ്രസ്വ ചിത്രത്തിന് ഒരു ആമുഖ പ്രഭാഷണം തയ്യാറാക്കുക.

5. ഓർമ്മയുടെ ഞരമ്പ് എന്ന കഥയിൽ നിന്നും സ്ത്രീ സ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന ഏതെങ്കിലും മൂന്ന് സന്ദർഭങ്ങൾ കണ്ടെത്തി എഴുതുക.

**(5 × 3 = 15)**

**7.** അരപ്പുറത്തിൽ ഉത്തരം എഴുതുക.

1. ഹിന്ദി ഉൾപ്പെടെയുള്ള എല്ലാ ഇന്ത്യൻ ഭാഷകളിലെയും ജനപ്രിയ സിനിമകളിലെ മുഖ്യപ്രതിപാദ്യം ഇന്നും 'കുടുംബം' ആകാനുള്ള പ്രധാന കാരണങ്ങളായി ലേഖകൻ ചൂണ്ടിക്കാട്ടുന്നതെന്തെല്ലാം?

2. പ്രണയത്തിന്റെ ഭൂതവർത്തമാനങ്ങളുടെ നിറഭേദങ്ങൾ സന്ദർശനം എന്ന കവിതയിൽ ബാലചന്ദ്രൻ ചുള്ളിക്കാട് അവതരിപ്പിക്കുന്നത് എങ്ങനെ?

3. ഒരു കുറ്റിച്ചൂല്–
ഒരു നാറത്തേപ്പ് – ഞണുങ്ങിയ വക്കാർ–
ന്നൊരു കഞ്ഞിപ്പാത്രം
ഒരട്ടി മണ്ണവൾ
(സംക്രമണം – ആറ്റൂർ)

സ്ത്രീകളെ വിശേഷിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്ന ഈ പദങ്ങൾ സ്ത്രീകളുടെ ഏത് സാമൂഹികാവസ്ഥയെയാണ് പ്രതിനിധീകരിക്കുന്നത് എന്ന് വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

4. 'അരുളുള്ളവനാണ് ജീവി' എന്നും അരുളില്ലാത്തവന്റെ ജീവിതം വ്യർത്ഥമാണെന്നും ശ്രീനാരായണ ഗുരു അനുകമ്പാദശകത്തിലൂടെ വ്യക്തമാക്കുന്നതെങ്ങനെ?

5. ''എല്ലാവരും ഒരേ പോലെ കാണാത്തതാണ്
കലാകാരൻ തെരഞ്ഞെടുക്കുന്ന സിംബലുകൾ''.
–ഉദാഹരണ സഹിതം വ്യക്തമാക്കുക.

**(5 × 5 = 25)**

8. ഒന്നരപ്പുറത്തിൽ ഉത്തരമെഴുതുക.

1. 'ഓരോ വൃക്ഷവും വേരുകളിലൂടെ ആകാശത്തോളം ഉയർന്നു നില്ക്കുന്നത് ആസ്വദിക്കണമെങ്കിൽ നാം വേരുകൾക്കൊപ്പം താഴണം'.

'ഏതൊന്നിന്റെയും നിലനിൽപ്പുതന്നെ ഭൂമിയിലേക്ക് ആഴത്തിൽ പിടിച്ചു നിർത്തുന്ന വേരുകളിലാണല്ലോ. അത് വേരുകൾ വിച്ഛേദിക്കുന്ന നമ്മൾക്കറിയില്ലായിരിക്കാം'.

–വേരുകൾ നഷ്ടപ്പെടുത്തുന്നവർ. വേരുകളെക്കുറിച്ചുള്ള അന്വേഷണം മനുഷ്യന്റെ പ്രകൃതിബോധത്തിന്റെ വേരുകൾ തേടിയുള്ള യാത്രയായി മാറുന്നുണ്ടോ? പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

'മത്സ്യം' പ്രതിനിധീകരിക്കുന്ന പ്രതിരോധത്തിന്റെയും ചെറുത്തു നില്പിന്റെയും അജയ്യമായ ഭാവങ്ങളെ കവിതയിൽ ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെയെന്ന് വിശകലനം ചെയ്യുക.

2. ''കാലം പോകെ കൂടുതൽ ദൃഢവും ആഹ്ലാദപ്രദവുമായിത്തീരുന്ന സ്നേഹ ബന്ധത്തിന്റെ ഹൃദ്യമായ ആവിഷ്കാരമാണ് 'ഊഞ്ഞാലിൽ' എന്ന കവിത''.
–ഈ പ്രസ്താവനയെ അടിസ്ഥാനപ്പെടുത്തി ഊഞ്ഞാലിൽ എന്ന കവിതയ്ക്ക് ഒരാസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

സ്വാതന്ത്ര്യസമരത്തിന്റെ ആവേശഭരിതമായ ഒരുജ്ജ്വല മുഹൂർത്തം അവതരിപ്പിക്കുന്നതോടൊപ്പം സാമൂഹിക ജീവിതവും വ്യക്തിജീവിതവും തമ്മിലുള്ള സംഘർഷവും അനാവരണം ചെയ്യുന്നു 'ലാത്തിയും വെടിയുണ്ടയും' സമർത്ഥിക്കുക.

3. ജൈവിക ബന്ധങ്ങളുടെ തുടർച്ചയും പരസ്പരാശ്രിതത്വത്തിന്റെ തെളിവുകളും ശാസ്ത്രീയമായിത്തന്നെ കണ്ടെത്തി അവതരിപ്പിക്കാൻ 'കൈപ്പാട്' എന്ന ഡോക്യുമെന്ററി ചിത്രത്തിന് സാധിക്കുന്നുണ്ട്.
– സമർത്ഥിക്കുക.

**അല്ലെങ്കിൽ**

സിനിമയിൽ പ്രത്യക്ഷമാകുന്ന സാമൂഹ്യ പ്രശ്നങ്ങളെ വിശകലനം ചെയ്ത് 'സൈക്കിൾ മോഷ്ടാക്കൾ' എന്ന ചിത്രത്തിന് ഒരാസ്വാദനം തയ്യാറാക്കുക.

**(3 × 8 = 24)**